# പ്രധാനമന്ത്രിക്ക് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിൽ നിന്ന് ഫോൺ കോൾ ലഭിച്ചു. ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യുകയും പശ്ചിമേഷ്യയെയും ഹോർമുസ് കടലിടുക്കിനെയും സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

ഏപ്രിൽ 15, 2026

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ടെലിഫോണിൽ ബന്ധപ്പെട്ടു.

2. വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിൽ കൈവരിച്ച ഗണ്യമായ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്യുകയും എല്ലാ മേഖലകളിലെയും പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

3. പശ്ചിമേഷ്യയിലെ സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്ത അവർ ഹോർമുസ് കടലിടുക്ക് തുറന്ന് സുരക്ഷിതമായി നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു.

4. ശ്രീ മോദി X ൽ ഇങ്ങനെ കുറിച്ചു;

"എന്റെ സുഹൃത്തായ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഫോണിൽ ബന്ധപ്പെട്ടു. വിവിധ മേഖലകളിൽ നമ്മുടെ ഉഭയകക്ഷി സഹകരണത്തിലൂടെ കൈവരിച്ച ഗണ്യമായ പുരോഗതി ഞങ്ങൾ അവലോകനം ചെയ്തു. എല്ലാ മേഖലകളിലും ഗ്ലോബൽ സ്ട്രാറ്റജിക് പാർട്ട്ണർഷിപ്പ് കൂടുതൽ ശക്തിപ്പെടുത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ഞങ്ങൾ ചർച്ച ചെയ്യുകയും ഹോർമുസ് കടലിടുക്ക് സുഗമവും സുരക്ഷിതവുമായി നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തു”

ന്യൂഡൽഹി

ഏപ്രിൽ 15, 2026